# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *108 28.04.2017 -ൽ മറുപടിക്ക്**

**കാസർഗോഡ്-കഴക്കൂട്ടം ദേശീയപാത വികസനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മുരളി പെരുനെല്ലി**<br>**,, കെ.കുഞ്ഞിരാമൻ**<br>**,, വി. ജോയി**<br>**ശ്രീമതി യു. പ്രതിഭ ഹരി** | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) കാസർഗോഡ്-കഴക്കൂട്ടം ദേശീയപാത 45 മീറ്ററിൽ ആറുവരിപ്പാതയായി വികസിപ്പിക്കാൻ നാഷണൽഹൈവേ അതോറിറ്റി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുപ്പിനു വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (എ) ദേശീയപാത 45 മീറ്ററിൽ വികസിപ്പിക്കാൻ സംസ്ഥാന സർക്കാർ തലത്തിൽ അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇതിനായുള്ള ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഭൂമി ഏറ്റെടുക്കുമ്പോൾ നൽകേണ്ട ന്യായ വില നിശ്ചയിക്കുന്നതിനായി ജില്ലാതല സമിതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഭൂമിയും ജീവനോപാധിയും നഷ്ടപ്പെട്ടുന്നവരെ പുനരധിവസിപ്പിക്കാൻ വേണ്ട നടപടിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച് പുതിയ ചട്ടങ്ങൾ (2013 RFCTLARR Act ) അനുസരിച്ച്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശം സംബന്ധിച്ച നിബന്ധനകൾ പ്രകാരം, ഭൂമിയും ജീവനോപാധിയും നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കാൻ വേണ്ട നടപടി ദേശീയപാതാ വികസനത്തിന്റെ കാര്യത്തിലും സ്വീകരിക്കുന്നതാണെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് നാഷണൽ ഹൈവേ അതോറിറ്റി ഭൂമി ഏറ്റെടുക്കലിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

S. Bindu

**സെക്ഷൻ ഓഫീസർ**